**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2691** **06-10-2025 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കയർ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും തൊഴിലാളികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി എത്ര രൂപ കുടിശിക ഇനത്തിൽ വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | **(എ)** കയർ ഉൽപ്പന്നങ്ങൾ വിപണനം നടത്തുമ്പോൾ വിൽപ്പന വിലയുടെ 10% മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റായി ലഭിക്കുന്നുണ്ട്. ഇതിന്റെ 5% കേന്ദ്ര വിഹിതമായും, 5% സംസ്ഥാന വിഹിതമായുമാണ് ലഭിക്കാറുള്ളത്. മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റന്റ് എന്ന പദ്ധതിയിൽ സംസ്ഥാനത്തെ കയർ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും, ഇതര സ്ഥാപനങ്ങൾക്കുമായി കുടിശികയിനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2024-25 വരെ കേന്ദ്ര സർക്കാർ വിഹിതമായി 68.56 കോടി രൂപ നൽകാനുണ്ട്. |
| (ബി) | ഏതൊക്കെ ഇനത്തിലുള്ള കുടിശികയാണ് നൽകാൻ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) യുടെ മറുപടി കണ്ടാലും |
| (സി) | പ്രസ്തുത കുടിശിക തുക അടിയന്തരമായി വിതരണം ചെയ്ത് കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | (1) കേന്ദ്രസർക്കാറിന്റെ കയർ വികാസ് യോജന പദ്ധതിയുടെ മാർഗരേഖയിൽ വന്ന ഭേദഗതി മൂലം കേന്ദ്രവിഹിതത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. പദ്ധതി മാർഗരേഖയിൽ ഉണ്ടായ വ്യതിയാനം പുന:പരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ പല തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>(2) 2025-26 സാമ്പത്തികവർഷം MDA പദ്ധതിയുടെ ബജറ്റ് വിഹിതമായ 10 കോടി രൂപയിൽ നിന്നും 5 കോടി രൂപ, കയർ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്കും ഇതര സ്ഥാപനങ്ങൾക്കുമായി സംസ്ഥാന വിഹിതമായി നൽകിയിട്ടുണ്ട്. ബാക്കി തുക ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ